# പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5731 — 29.07.2015-ൽ മറുപടിക്ക്

## ആതിരപ്പിള്ളി പോലീസ് സ്റ്റേഷനിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നൽകിയ പരാതിയിലെ അന്വേഷണം

**ചോദ്യം**

**ശ്രീ. ബി.ഡി. ദേവസ്സി**

(എ) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അനുവദിച്ച ടാർ കൊണ്ടുപോകവേ, വെറ്റിലപ്പാറ സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റിൽ പിടികൂടുകയും ഫൈൻ ഈടാക്കുകയും ചെയ്ത സംഭവത്തിനെതിരെ ജില്ലാ പഞ്ചായത്ത് 2014 മാർച്ചിൽ ആതിരപ്പിള്ളി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എടുത്ത കേസ്സിൽ അന്വേഷണം പൂർത്തിയാക്കുകയോ പ്രതികളെ അറസ്റ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ. രമേശ് ചെന്നിത്തല**
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വെറ്റിലപ്പാറ എക്സ് സർവ്വീസ് മെൻ കോളനി റോഡിലുള്ള വർക്ക് സൈറ്റിൽ നിന്നും 12 വീപ്പ ടാർ കുറവായി കാണപ്പെട്ട കാര്യത്തിന് 09.04.2014-ാം തീയതി അതിരപ്പള്ളി പോലീസ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി കരാറുകാരനായ വി.പി. സെബാസ്റ്റ്യൻ എന്നയാൾക്കെതിരെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അതിരപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നം. 582/14 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസിൽ അന്വേഷണം തുടർന്ന് വരുന്നതുമാണ്. ഈ കേസിൽ പ്രതികളെ ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) പ്രസ്തുത കേസിന്റെ അന്വേഷണം നടത്തി കുറ്റക്കാരെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിക്കുവാൻ അതിരപ്പള്ളി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ